# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.163/PR/PIC/PHQ/14 Date : 07.07.2014

---

## അമിത പലിശ: രണ്ടുപേര്‍ കൂടി അറസ്റ്റില്‍

അമിത പലിശയ്ക്ക് നിയമവിരുദ്ധമായി പണം കൊടുത്തു നിയമലംഘനം നടത്തുന്നവര്‍ക്കെതിരെയുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് തിങ്കളാഴ്ച (07-07-2014) 29 റെയ്ഡുകള്‍ നടത്തിയതായി സംസ്ഥാന പോലീസ് മേധാവി അറിയിച്ചു. ഇതേത്തുടര്‍ന്ന് രണ്ടുപേര്‍ പോലീസ് പിടിയിലായി. നാല് കേസുകള്‍ രജിസ്റ്റര്‍ ചെയ്തു. ഇതോടെ ഇതുവരെയായി അമിതപലിശക്കാര്‍ക്കെതിരെ നടന്ന 12033-ലേറെ റെയ്ഡുകളിലായി 930-പേര്‍ പിടിയിലായി. 1908 കേസുകള്‍ ആകെ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട്.

അമിത പലിശക്കാരെക്കുറിച്ചും അനധികൃത പണമിടപാടു സ്ഥാപനങ്ങളെക്കുറിച്ചും പോലീസ് നടത്തുന്ന അന്വേഷണത്തിന്റെയും പൊതുജനങ്ങളില്‍ നിന്ന് ലഭിക്കുന്ന വിവരത്തിന്റെയും അടിസ്ഥാനത്തിലുള്ള കര്‍ശന പരിശോധന വരും ദിവസങ്ങളിലും തുടരുമെന്ന് സംസ്ഥാനപോലീസ് മേധാവി അറിയിച്ചു.

*************